بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**27-02-2026**

# തിരുനബിചരിത്രം: തൗഹീദിന്റെ വെളിച്ചത്തിൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

എല്ലാ പ്രവാചകന്മാരും ലോകത്ത് തൗഹീദ് സ്ഥാപിക്കുന്നതിനായാണ് വന്നത്, അവർ തങ്ങളുടെ ജനതയ്ക്ക് അത് പഠിപ്പിക്കുകയും ചെയ്തു. നബി തിരുമേനി(സ)യും ഇതേ സന്ദേശവുമായാണ് വന്നത്, ഈ ദൗത്യം തുടരാനും തന്റെ അനുയായികളിൽ തൗഹീദിന്റെ ആത്മാവ് ഉളവാക്കാനുമാണ് തിരുനബി വന്നത്. ശിർക്ക് അഥവാ ബഹുദൈവാരാധയ്ക്കെതിരെ തിരുനബി പോരാടിയത്തെളിവുകളില്ലാതെയല്ല, മറിച്ച് ശിർക്കിന്റെ തിന്മ മനസ്സിലാക്കിക്കൊടുക്കുകയും അതിനെക്കുറിച്ച് അവബോധം നല്കി അതിനോട് വെറുപ്പ് ഉളവാക്കുകയും ചെയ്തു. ആ പുണ്യാത്മാവിന്റെ അനുയായികളിൽ സ്വാധീനം ചെലുത്തിയ ഈ അധ്യാപനങ്ങൾ അത്രമേൽ ഫലപ്രദമായത്, ആ പുണ്യാത്മാവിന്റെ ഓരോ വാക്കും പ്രവൃത്തിയും അതിന്റെ യഥാർഥ ചിത്രമായിരുന്നു എന്നതിനാലാണ്. മറ്റ് ജനതകൾ തങ്ങളുടെ പ്രവാചകന്മാരെ സാഷ്ടാംഗം ചെയ്യുന്ന ഇടമാക്കി മാറ്റിയതുപോലെ മുസ്ലിം ഉമ്മത്തിലും ഈ ഭയാനകമായ പാപം ഉണ്ടായിപ്പോകുമോ എന്നതായിരുന്നു ആ പുണ്യാത്മാവിന്റെ ആശങ്ക. പരിശുദ്ധ ഖുർആനിൽ പലതവണ വിവിധ വശങ്ങളിലൂടെ നമുക്ക് തൗഹീദ് പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു സൂറ അമ്പിയായിൽ ഇപ്രകാരം അരുളുന്നു:

وَمَاۤ اَرۡسَلۡنَا مِنۡ قَبۡلِكَ مِنۡ رَّسُوۡلٍ اِلَّا نُوۡحِىۡۤ اِلَيۡهِ اَنَّهٗ لَاۤ اِلٰهَ اِلَّاۤ اَنَا فَاعۡبُدُوۡنِ

നിനക്ക് മുമ്പ് നാം അയച്ച ഓരോ പ്രവാചകനിലേക്കും, തീർച്ചയായും ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല അതിനാൽ എന്നെ മാത്രം ആരാധിക്കുക എന്ന് നാം ദിവ്യബോധനം നല്കിയിരുന്നു.

പിന്നീട് ഖുർആന്റെ അവസാനഭാഗത്ത് അല്ലാഹു തന്റെ തൗഹീദ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ഇപ്രകാരം പ്രഖ്യാപിക്കുന്നു:

قُلۡ هُوَ اللّٰهُ اَحَدٌ ۔ اَللّٰهُ الصَّمَدُ ۔ لَمۡ يَلِدۡ ۙ وَلَمۡ يُوۡلَدۡ ۔ وَلَمۡ يَكُنۡ لَّهٗ كُفُوًا اَحَدٌ

പറയുക, അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു സർവരാലുംആശ്രയിക്കപ്പെടുന്നവനും എന്നാൽ ആരെയും ആശ്രയിക്കാത്തവനുമാകുന്നു. അവൻ ആരെയും ജനിപ്പിച്ചിട്ടില്ല, അവൻ ജനിക്കപ്പെട്ടിട്ടുമില്ല. അവന് തുല്യനായി ആരുമില്ല.

അല്ലാഹു ഇവിടെ എല്ലാത്തരം ശിർക്കിനെ നിഷേധിക്കുകയും ഇത് ലോകത്തോട് പ്രഖ്യാപിക്കാൻ നബി തിരുമേനി(സ)യോട് കൽപ്പിക്കുകയും ചെയ്തു. നബി തിരുമേനി(സ)യുടെ സീറത്തിലെ ചില സംഭവങ്ങൾ ഞാൻ അവതരിപ്പിക്കാം. നബി തിരുമേനി(സ)യുടെ പ്രകൃതം അത്രമേൽ പരിശുദ്ധമായിരുന്നു, തൗഹീദിനോടുള്ള സ്നേഹം ആ പുണ്യാത്മാവിന്റെ സിരകളിൽ നിക്ഷേപിക്കപ്പെട്ടിരുന്നു. ഒരു നിവേ

ദനത്തിൽ ഹദ്റത്ത് ഉമ്മു ഐമൻ ഇപ്രകാരം വിവരിക്കുന്നു: ഖുറൈശികൾ വളരെയധികം ആദരിച്ചു വന്നിരുന്ന ഒരു വിഗ്രഹമായിരുന്നു *ബുവാന*. അബൂത്വാലിബും തന്റെ ജനതയോടൊപ്പം അവിടെ പോകാറുണ്ടായിരുന്നു. അദ്ദേഹം നബി തിരുമേനി(സ)യെയും കൂടെ കൊണ്ടുപോകാൻ ആഗ്രഹിച്ചുവെങ്കിലും ആ പുണ്യാത്മാവ് അത് നിരസിക്കുകയാണ് ചെയ്തത്. തന്റെ പിതൃസഹോദരിമാരുടെ നിർബന്ധത്തിന് വഴങ്ങി ഒരിക്കൽ ആ പുണ്യാത്മാവ് അവിടെ പോയെങ്കിലും അതീവ ഭയചകിതനായിതിരിച്ചുവന്നു.താൻഅവിടെഒരു വിചിത്രമായ കാഴ്ച കണ്ടുവെന്ന് ആ പുണ്യാത്മാവ് പറഞ്ഞു. ഞാൻ ആ വിഗ്രഹത്തിന് അടുത്തുചെല്ലാൻ തുടങ്ങുമ്പോഴെല്ലാം ശുഭ്രവസ്ത്രധാരിയായ ഒരാൾ അലറിക്കൊണ്ട് പറയുമായിരുന്നു, 'മുഹമ്മദ്, പിന്നോട്ട് മാറുക, ഈ വിഗ്രഹത്തെ സ്പർശിക്കരുത്' എന്ന്. ഇതിനുശേഷം നബി തിരുമേനി(സ) മുശ്രിക്കുകളുടെ ഒരു ആഘോഷത്തിലും പങ്കെടുത്തില്ല. ഹിറാ ഗുഹ മക്കയിൽ നിന്ന് മൂന്ന് മൈൽ ദൂരത്തിലാണ്. പ്രവാചകത്വ ലബ്ധിക്ക് മുമ്പ് ജനവാസ മേഖലയിൽ നിന്ന് അകന്ന് ഈ ഗുഹയിൽ ആ പുണ്യാത്മാവ് ആരാധനകൾ നടത്തിയിരുന്നു. നബി തിരുമേനി(സ)ക്ക് നാൽപ്പത് വയസ്സായപ്പോൾ ഒരു ദിവസം ജിബ്രീൽ പ്രത്യക്ഷപ്പെടുകയും നബി തിരുമേനി (സ)യുടെ മേൽ ആദ്യത്തെ വഹ്യ് അവതരിക്കുകയും ചെയ്തു. ഈ ആദ്യത്തെ ദിവ്യബോധനം ലഭിച്ചതോടെ നബി തിരുമേനി(സ) ജനങ്ങളെ അല്ലാഹുവിന്റെ തൗഹീദിലേക്ക് ക്ഷണിക്കാൻ തുടങ്ങി, ശിർക്കിനെതിരെ ഉദ്ബോധിപ്പിക്കാനും തുടങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു: നമ്മുടെ നബി തിരുമേനി(സ) സത്യം വെളിപ്പെടുത്തുന്നതിനായുള്ള ഒരു മഹാനായ മുജദ്ദിദ് അഥവാ യുഗപരിഷ്കർത്താവായിരുന്നു. ആ പുണ്യാത്മാവ് ലോകത്ത് നിന്ന് നഷ്ടപ്പെട്ടുപോയ സത്യത്തെ വീണ്ടും തിരികെ കൊണ്ടുവന്നു. നബി തിരുമേനി(സ) ലോകത്തെ മുഴുവൻ ഇരുട്ടിൽ ആണ്ടുകിടക്കുന്നതായാണ് കണ്ടത്, പിന്നീട് ആ പുണ്യാത്മാവിന്റെ ആവിർഭാവത്തോടെ ആ ഇരുട്ട് പ്രകാശമായി മാറി. ആ പുണ്യാത്മാവ് ഏത് ജനതയിലാണോ നിയോഗിക്കപ്പെട്ടത്, ആ ജനത മുഴുവൻ ശിർക്കിന്റെ പുടവ അഴിച്ചുമാറ്റി തൗഹീദിന്റെ വസ്ത്രം ധരിക്കുന്നത് വരെ ആ പുണ്യാത്മാവിന് വഫാത്ത് സംഭവിവിച്ചില്ല. അത്രമാത്രമല്ല, ആ ആളുകൾ ഈമാന്റെ ഉന്നത പദവികളിൽ എത്തുകയും ലോകത്തിന്റെ മറ്റൊരു ഭാഗത്തും കാണാൻ കഴിയാത്ത വിധം സത്യസന്ധതയുടെയും വിശ്വസ്തതയുടെയും ദൃഢനിശ്ചയത്തിന്റെയും ഉദാത്തമായ മാതൃകകൾ അവരിൽ നിന്ന് പ്രകടമാകുകയുംചെയ്തു. ഈ വിജയവും ഇത്രത്തോളം സാഫല്യവും നബി തിരുമേനി(സ)യ്ക്കല്ലാതെ മറ്റൊരു പ്രവാചകനും ലഭിച്ചിട്ടില്ല. ലോകം അതീവ അന്ധകാരത്തിൽ കഴിയുകയും സ്വാഭാവികമായും ഒരു മഹാനായ പരിഷ്കർത്താവിനെ ആഗ്രഹിക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിലാണ് അദ്ദേഹം നിയോഗിക്കപ്പെട്ടത് എന്നതുതന്നെ നബി തിരുമേനി(സ)യുടെ പ്രവാചകത്വത്തിനുള്ള മഹത്തായ തെളിവാണ്. ലക്ഷക്കണക്കിന് മനുഷ്യർ ശിർക്കും വിഗ്രഹാരാധനയും ഉപേക്ഷിച്ച് തൗഹീദും നേരായ പാതയും സ്വീകരിച്ചുകഴിഞ്ഞ ഒരു സമയത്താണ് അദ്ദേഹം ഈ ലോകത്ത് നിന്ന് യാത്രയായത്. ആത്മീയത സ്ഥാപിച്ചതിലൂടെ നമ്മുടെ നബി തിരുമേനി (സ) നിസ്സംശയം രണ്ടാം ആദം ആയിരുന്നു. യഥാർഥത്തിൽ മനുഷ്യത്വത്തിന്റെ എല്ലാ ഗുണങ്ങളും പൂർണതയിൽ എത്തിയത് ആരുടെ തണലിലാണോ ആ യഥാർഥ ആദം നബി തിരുമേനി(സ)യായിരുന്നു.

എന്നാൽ ഇന്ന് മുഹമ്മദിയ്യാ ഉമ്മത്തും ഈ തൗഹീദിന്റെ മഹത്വത്തെ മറന്നുകൊണ്ടിരിക്കുകയാണ് എന്നത് സങ്കടകരമാണ്. ശുദ്ധമായ തൗഹീദിനെ മറന്നത് കാരണം അല്ലാഹുവിന്റെ ഗുണവിശേഷങ്ങളിൽ ഒരു മുസ്ലിമിന് ഉണ്ടായിരിക്കേണ്ട ആ ശുദ്ധമായ ഈമാൻ ഇല്ലാതായിരിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ തൗഹീദിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും അതിനായി തങ്ങളിൽ പ്രത്യേക മാറ്റങ്ങൾ വരുത്തുകയും ചെയ്യുക എന്നത് നബി തിരുമേനി(സ)യുടെ

സത്യസന്ധനായ സേവകനെ വിശ്വസിച്ചവരുടെ കടമയാണ്.

ഇത് ആരാധനയുടെ പ്രത്യേക മാസമായ റമദാൻ മാസമാണ്. ഇതിൽ പ്രത്യേകമായും അതിനായി പരിശ്രമിക്കുകയും പ്രാർഥിക്കുകയും വേണം. നബി തിരുമേനി(സ) തന്റെ ജീവിതകാലം മുഴുവൻ തൗഹീദ് സ്ഥാപിക്കുന്നതിനായി എപ്രകാരം പരിശ്രമിച്ചുവോ, അദ്ദേഹത്തോടുള്ള സ്നേഹം നാം അവകാശപ്പെടുന്നുണ്ടെങ്കിൽ അതിനായി നാമും പ്രത്യേക പരിശ്രമം നടത്തേണ്ടതുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഒരിടത്ത് ഇപ്രകാരം വിവരിക്കുന്നു: ഖുർആനിൽ അല്ലാഹു നബി തിരുമേനി(സ)യോട് അരുളുന്നു: ലോകത്തിന്റെ നാനാഭാഗത്തുള്ളവർക്ക് മുന്നറിയിപ്പ് നല്കുന്നതിന് മുമ്പ് നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ മുന്നറിയിപ്പ് നല്കുക. അവർക്ക് നിന്നിൽ ഇരട്ടി അവകാശമുണ്ട്. നബി തിരുമേനി(സ) ഈ കൽപ്പന അനുസരിച്ചുകൊണ്ട് മക്കയിലെ പതിവനുസരിച്ച് സഫാ മലമുകളിൽ കയറി നിന്ന് വിവിധ ഗോത്രങ്ങളെ പേരെടുത്ത് വിളിക്കാൻ തുടങ്ങി. ഖുറൈശികൾ ഉൾപ്പെടെ മക്കയിലെ എല്ലാ ഗോത്രങ്ങളും ഒത്തുകൂടിയപ്പോൾ നബി തിരുമേനി(സ) അവരെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം ചോദിച്ചു: നോക്കൂ, ഈ മലയ്ക്ക് പിന്നിൽ നിങ്ങളെ ആക്രമിക്കാനായി ഒരു വലിയ സൈന്യം പതിയിരിപ്പുണ്ടെന്ന് ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ അത് വിശ്വസിക്കുമോ? അവർ ഒരേ സ്വരത്തിൽ പറഞ്ഞു: തീർച്ചയായും ഞങ്ങൾ വിശ്വസിക്കും, കാരണം ഞങ്ങൾ താങ്കളെ എപ്പോഴും സത്യസന്ധനായാണ് കണ്ടിട്ടുള്ളത്.അപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: എങ്കിൽ കേൾക്കുക, ഞാൻ നിങ്ങൾക്ക് സുപ്രധാനമായ ഒരു വാർത്ത നല്കുന്നു.അല്ലാഹുഎന്നെറസൂലായിനിയോഗിച്ചിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻപറ്റുക. ഇത് കേട്ട ഉടനെ അബൂലഹബ് ദേഷ്യത്തോടെ പറഞ്ഞു: നിനക്ക് നാശം, ഇതിനാണോ നീ ഞങ്ങളെ ഒരുമിച്ചുകൂട്ടിയത്? മറ്റ് ആളുകളും പരിഹസിച്ചും കളിയാക്കിയും അവിടെ നിന്ന് പിരിഞ്ഞുപോയി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു: ഒരു പ്രവാചകനോ റസൂലോ അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെടുമ്പോൾ, അദ്ദേഹത്തിന്റെ അനുയായികൾ പ്രാവീണ്യരും സത്യസന്ധരും ധീരരും പുരോഗതി പ്രാപിക്കുന്നവരുമായ ഒരു സംഘമായി ജനങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ, നിലവിലുള്ള ഗോത്രങ്ങളുടെയും മതവിഭാഗങ്ങളുടെയും ഉള്ളിൽ അസൂയയും വിദ്വേഷവും ഉണ്ടാകുക സ്വാഭാവികമാണ്. ഈ കാരണങ്ങളാണ് നബി തിരുമേനി(സ)യുടെ കാലത്ത് മുശ്രിക്കുകളെയും ജൂത ക്രിസ്ത്യൻ പണ്ഡിതന്മാരെയും സത്യം സ്വീകരിക്കുന്നതിൽ നിന്ന് തടഞ്ഞത് എന്ന് മാത്രമല്ല, അവരെ കടുത്ത ശത്രുതയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്തത്. അങ്ങനെ അവർ ഇസ്ലാമിനെ ലോകത്തുനിന്ന് തുടച്ചുനീക്കാൻ ശ്രമിച്ചു. തുടക്കത്തിൽ മുസ്ലീങ്ങൾ ന്യൂനപക്ഷമായിരുന്നതിനാൽ ശത്രുക്കൾ സ്വഹാബികളോട് അതിക്രൂരമായി പെരുമാറി.

ഹദ്റത്ത്മുസ്ലിഹ്മൗഊദ്(റ)ഒരിടത്ത്ഇപ്രകാരം എഴുതിയിരിക്കുന്നു: എതിർപ്പുകൾ രൂക്ഷമായപ്പോൾ നബി തിരുമേനി(സ)യും അനുയായികളും ഉറച്ച നിലപാടോടെ അല്ലാഹുവിന്റെ ഈ സന്ദേശം മക്കക്കാർക്ക് എത്തിക്കാൻ തുടങ്ങി: ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവം ഏകനാണ്, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. മുൻകഴിഞ്ഞ എല്ലാ പ്രവാചകന്മാരും അവന്റെ ഏകത്വത്തെ അംഗീകരിക്കുകയും തങ്ങളുടെ ജനതയെ ഈ അധ്യാപനത്തിലേക്ക് വിളിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾ ഏകനായ ദൈവത്തിൽ വിശ്വസിക്കുക, തീർത്തും നിസ്സാരരും ശക്തിയില്ലാത്തവരുമായ ഈ ശിലാവിഗ്രഹങ്ങളെ ഉപേക്ഷിക്കുക. അല്ലാഹുവിന്റെ തൗഹീദ് ഉപേക്ഷിച്ചത് കാരണം നിങ്ങളുടെ ചിന്തകൾ മലീമസമാകുകയും ഹൃദയങ്ങൾ ഇരുളടയുകയും ചെയ്തത് നിങ്ങൾ കാണുന്നില്ലേ? ഹലാലും ഹറാമും (അനുവദനീയവും നിഷിദ്ധവും) തമ്മിലുള്ള വിവേചനം നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നല്ലതും തീയ്യതും തമ്മിൽ തിരിച്ചറിയാൻ നിങ്ങ

ൾക്ക് കഴിയുന്നില്ല. നിങ്ങൾ നിങ്ങളുടെ മാതാക്കളെ അപമാനിക്കുന്നു, സഹോദരിമാരോടും പെൺമക്കളോടും അനീതി കാണിക്കുകയും അവർക്കുള്ള അവകാശങ്ങൾ നല്കാതിരിക്കുകയും ചെയ്യുന്നു. ഭാര്യമാരോടുള്ള നിങ്ങളുടെ പെരുമാറ്റം ശരിയല്ല. അനാഥകളുടെ അവകാശങ്ങൾ തട്ടിയെടുക്കുകയും വിധവകളോട് മോശമായി പെരുമാറുകയും ചെയ്യുന്നു. ദൈവത്തിന്റെ സാമീപ്യം ലഭിക്കാനുള്ള മാർഗം ഓരോ അവകാശിക്കും അവരുടെ അവകാശം നല്കുക എന്നതാണ്. സ്ത്രീകളെ ബഹുമാനിക്കുകയും അവരുടെ അവകാശങ്ങൾ നിറവേറ്റുകയും ചെയ്യുക. അനാഥകളെ അല്ലാഹുവിന്റെ അമാനത്തായി കരുതുകയും അവരെ പരിരക്ഷിക്കുന്നത് ഉന്നതമായ പുണ്യമായി കാണുകയും ചെയ്യുക. വിധവകൾക്ക് താങ്ങാവുക. നന്മകളും തഖ്‌വയും നിലനിർത്തുക. നീതിയും ന്യായവും മാത്രമല്ല, മറിച്ച് കാരുണ്യവും ഉപകാരവും നിങ്ങളുടെ മുഖമുദ്രയാക്കുക.

ഈ അധ്യാപനങ്ങൾ ആവർത്തിച്ച് മക്കക്കാരെ കേൾപ്പിക്കാൻ തുടങ്ങിയപ്പോഴും ഉദാത്ത സ്വഭാവമുള്ളവർക്ക് ഇസ്ലാമിനോടുള്ള താത്പര്യം വർദ്ധിക്കാൻ തുടങ്ങിയപ്പോഴും ഒരു ദിവസം മക്കയിലെ പ്രമുഖർ ഒത്തുചേർന്ന് തിരുനബിയുടെ പിതൃസഹോദരൻ അബൂത്വാലിബിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു: താങ്കൾ ഞങ്ങളുടെ നേതാവാണ്, താങ്കളോടുള്ള ബഹുമാനം കാരണമാണ് താങ്കളുടെസഹോദരപുത്രൻമുഹമ്മദ്നബിതിരുമേനി (സ)യെ ഞങ്ങൾ ഇതുവരെ ഒന്നും ചെയ്യാതിരുന്നത്. എന്നാൽ ഇപ്പോൾ താങ്കളുമായി ഒരു അന്തിമ തീരുമാനമെടുക്കേണ്ട സമയമായിരിക്കുന്നു. ഒന്നുകിൽ താങ്കൾ അവനെ കാര്യങ്ങൾ ബോധ്യപ്പെടുത്തുക, അല്ലെങ്കിൽ അവൻ ഞങ്ങളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്ന് ചോദിക്കുക. അവന് ആദരവാണ് വേണ്ടതെങ്കിൽ അവനെ ഞങ്ങളുടെ നേതാവാക്കാൻ ഞങ്ങൾ തയ്യാറാണ്. സമ്പത്താണ് ആഗ്രഹിക്കുന്നതെങ്കിൽ ഞങ്ങളുടെ സ്വത്തിൽ ഒരു വിഹിതം അവന് നല്കാൻ ഞങ്ങൾ ഓരോരുത്തരും തയ്യാറാണ്. വിവാഹം കഴിക്കാനാണ് ആഗ്രഹമെങ്കിൽ മക്കയിലെ ഏത് പെൺകുട്ടിയെയാണോ അവൻ ഇഷ്ടപ്പെടുന്നത് അവളുമായി വിവാഹം കഴിപ്പിക്കാനും ഞങ്ങൾ തയ്യാറാണ്. ഇതിന് പകരമായി ഞങ്ങൾ അവനിൽ നിന്ന് മറ്റൊന്നും ആഗ്രഹിക്കുന്നില്ല, ഒന്നിനും അവനെ തടയുന്നുമില്ല. ഞങ്ങളുടെ വിഗ്രഹങ്ങളെ അധിക്ഷേപിക്കുന്നത് അവൻ നിർത്തണം എന്ന് മാത്രമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. താങ്കൾ അവനെ കാര്യങ്ങൾ ധരിപ്പിക്കുകയും ഞങ്ങളുടെ ഈ നിർദേശം സ്വീകരിക്കാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്യുക. അല്ലാത്തപക്ഷം രണ്ട് കാര്യങ്ങളിൽ ഒന്ന് സംഭവിക്കും; ഒന്നുകിൽ താങ്കൾക്ക് സഹോദരപുത്രനെ ഉപേക്ഷിക്കേണ്ടി വരും, അല്ലെങ്കിൽ താങ്കളുടെ ജനത താങ്കളുടെ നേതൃത്വം തള്ളിക്കളഞ്ഞ് താങ്കളെ ഉപേക്ഷിക്കും. ഇതുകേട്ട അബൂത്വാലിബ് അസ്വസ്ഥനായി. അദ്ദേഹം മുഹമ്മദ് നബി തിരുമേനി(സ)യെ വിളിപ്പിച്ചു പറഞ്ഞു: എന്റെ സഹോദരപുത്രാ, എന്റെ ജനത എന്റെ അടുക്കൽ വന്ന് ഈ സന്ദേശം നല്കിയിരിക്കുന്നു.നബി തിരുമേനി(സ) അരുളി: എന്റെ പിതൃസഹോദരാ, താങ്കൾ സ്വന്തം ജനതയെ ഉപേക്ഷിച്ച് എന്റെ കൂടെ നിൽക്കണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അല്ലാഹുവാണ! എന്റെ വലതു കയ്യിൽ സൂര്യനെയും ഇടതു കയ്യിൽ ചന്ദ്രനെയും കൊണ്ടുവെച്ച് തന്നാലും അല്ലാഹുവിന്റെ തൗഹീദ് പ്രബോധിപ്പിക്കുന്നതിൽ നിന്ന് പിന്മാറാൻ എനിക്ക് സാധ്യമല്ല. അല്ലാഹു എനിക്ക് മരണം നല്കുന്നത് വരെ ഞാൻ എന്റെ ദൗത്യം തുടരും. ഈമാൻ നിറഞ്ഞതും നിഷ്കളങ്കത തുടിക്കുന്നതുമായ ഈ മറുപടി അബൂത്വാലിബിന്റെ കണ്ണുകൾ തുറപ്പിക്കാൻ പര്യാപ്തമായിരുന്നു. അദ്ദേഹം പറഞ്ഞു: എന്റെ സഹോദരപുത്രാ, നീ പോയി നിന്റെ കടമ നിർവഹിച്ചുകൊള്ളുക. ജനത എന്നെ വേണമെങ്കിൽ ഉപേക്ഷിച്ചു കൊള്ളട്ടെ, ഞാൻ നിന്നെ കൈവിടില്ല.

തൗഹീദ് സ്ഥാപിക്കുന്നതിനായി നബി തിരുമേനി(സ) മക്കയിലെ അവിശ്വാസികളിൽ നിന്നുള്ള എല്ലാത്തരം അക്രമങ്ങളും അനീതികളും സഹിച്ചു. ഇന്ന് ഏതൊരു ജനതയിലോ

ആളുകളിലോ ഈ തിന്മകൾ കാണപ്പെടുന്നുണ്ടെങ്കിൽ അത് തൗഹീദിൽ നിന്നുള്ള അകൽച്ച കാരണം തന്നെയാണ്. അതിനാൽ, ഇങ്ങനെയുള്ള സാഹചര്യത്തിൽ തൗഹീദിന്റെ സന്ദേശം പ്രഖ്യാപിച്ചുകൊണ്ടിരിക്കുക എന്നത് നമ്മുടെ കടമയാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കി അനുഗ്രഹിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِىَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 27.02.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516